# ഹദീഥ് നിഷേധത്തിന്റെ മുഖങ്ങൾ

അബ്ദുൽ മാലിക് മൊറയൂർ

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുസ്‌ലിംകൾ മതപരമായും ഭൗതികമായും ഏറെ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണല്ലോ നമ്മുടെ കേരളം. വിശ്വാസവികലതകൾ സൃഷ്ടിച്ച ചെളിക്കുണ്ടിൽ ആപതിച്ച് ശ്വാസം മുട്ടികഴിഞ്ഞിരുന്ന ഒരു സമൂഹത്തെ ഇന്നുകാണുന്ന നവജാഗരണത്തിലേക്ക് കരകയറ്റിയത്, കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ വിശ്രമമില്ലാത്ത പരിശ്രമങ്ങളായിരുന്നുവെന്നത് ഏതൊരു ചരിത്രവിദ്യാർത്ഥിയും അംഗീകരിക്കുന്ന വസ്തുതയാണ്. സമൂഹം നേരിന്റെ പാതയിലേക്ക് വഴിനടക്കുമ്പോൾ ഏറെ അസ്വസ്ഥരാവുന്ന മതപൗരോഹിത്യം അതിന്റെ തനിനിറം ഇവിടെയും കാണിച്ചു. ഒന്നിച്ചുനീങ്ങിയ കേരള സമൂഹത്തെ തങ്ങൾക്കിഷ്ട പ്പെട്ട കോലത്തിൽ മതനവീകരണം നടത്തി പൈശാചിക പാതയിലേക്ക് പിൻവിളി നടത്തിയപ്പോൾ സമൂഹത്തിന് മിച്ചം കിട്ടിയത് പെരുകിക്കൊണ്ടിരിക്കുന്ന മതസംഘടനകളായിരുന്നു. ക്വുർആനിനേയും ഹദീഥിനേയും സ്വന്തം അഭീഷ്ടങ്ങൾക്കൊപ്പിച്ച് ദുർവ്യാഖ്യാനം നടത്തി ഈ വിഭാഗം മുന്നേറിയപ്പോൾ മറ്റൊരു ഭാഗത്ത് ഹദീഥിനെ തന്നെ തള്ളിപ്പറയുന്ന രീതിയിലേക്ക് ഒരു ചെറിയ വിഭാഗം നീങ്ങി. പ്രവാചക ചര്യകൾക്കുനേരെ ഇസ്‌ലാമിന്റെ ശത്രുക്കൾ നടത്തിയ കയ്യേറ്റശ്രമങ്ങളുടെ ചെറിയൊരു ഇലയനക്കം കേരളത്തിലും സംഭവിച്ചു. ആഗോളാടിസ്ഥാന ത്തിൽ നടന്ന ഹദീഥ് നിഷേധപ്രവണതയോട് സാമ്യതയുണ്ടെങ്കിലും, കേരളീയ പശ്ചാത്തലത്തിൽ ചില പുതുമ കളും ഇവിടുത്തെ ഹദീഥ് നിഷേധികളിൽ നാം ദർശിക്കുകയുണ്ടായി.

ഹദീഥുകൾക്കുള്ള സ്ഥാനമെന്താണെന്നും, പ്രവാചക വചനങ്ങളിൽനിന്ന് മുക്തമായ ഇസ്‌ലാം അപൂർണമാ ണെന്നും, അതിനെ നിഷേധിക്കുന്നത് ഭോഷത്തരമാണെന്നും, ഇവിടുത്തെ അമുസ്‌ലിം എഴുത്തുകാർവരെ ഉറക്കെ വിളിച്ചുപറയുകയുണ്ടായി എന്നത് ഏറെ ശ്രദ്ധേയമായ സംഗതിയാണ്. കേരളത്തിലെ ഹദീഥ് നിഷേധം ചർച്ച ചെയ്യുമ്പോൾ ഇത്തരമൊരു വേറിട്ട സംഗതി ഏറെ കൗതുകകരമായിരിക്കും. ഹദീഥ് നിഷേധമാണ് പുരോഗമന മെന്ന് ധരിച്ചുവശായ ചില മുസ്‌ലിം 'ബുദ്ധിജീവികൾ'(?) ഒരു അമുസ്‌ലിം എഴുത്തുകാരനായ സകറിയ ഹദീഥുക ളെക്കുറിച്ച് പറയുന്നതൊന്ന് ശ്രദ്ധിച്ചിരുന്നെങ്കിൽ! അദ്ദേഹം പറയുന്നു: ''ഇസ്‌ലാമിക ദർശനത്തെ വളരെ ഉപരിവിപ്ല വമായ വായനയിൽ കൂടി അൽപമെന്തോ മാത്രം മനസ്സിലാക്കിയിട്ടുള്ള ഒരുവനാണ് ഞാൻ. ആ അൽപജ്ഞാനം കൊണ്ടായിരിക്കണം ചേകന്നൂർ മൗലവിയുടെ ചില വീക്ഷണങ്ങളുമായി വളരെ ബാഹ്യവും, വെറും വായനക്കാ രൻ എന്ന രീതിയിലുള്ളതുമായ നിലപാടിൽ നിന്നുകൊണ്ട് ഞാൻ വിയോജിക്കുന്നുണ്ട്. ഇന്നദ്ദേഹം ഉണ്ടായിരുന്നു വെങ്കിൽ അദ്ദേഹം പ്രസന്നമായും സമർത്ഥമായും എന്നെ ഖണ്ഡിച്ച് നിശബ്ദനാക്കുമായിരുന്നു എന്ന് എനിക്കറി യാം. എന്റെ വിയോജനം മൗലവി ഹദീഥുകളോട് പ്രകടിപ്പിച്ച എതിർപ്പിനോടാണ്.... അദ്ദേഹത്തെപ്പോലെയൊരു പണ്ഡിതന്റെ ചിന്തയോട് സിദ്ധാന്തതലത്തിൽ വിയോജിക്കാൻ എനിക്ക് യാതൊരു ശേഷിയുമില്ല. പക്ഷെ, ഞാൻ ഹദീസുകളെ പിന്തുണക്കുന്നത്, അവയിലൂടെയാണ് മുഹമ്മദ് എന്ന മഹാനായ പ്രവാചകനെ മാത്രമല്ല, മുഹമ്മദ് എന്ന മഹാനും അസാധാരണനുമായ മനുഷ്യനെ ഞാൻ കണ്ടെത്തിയത് എന്നതിനാലാണ്. ക്വുർആൻ മാത്രം വായിച്ച് എനിക്ക് ഇസ്‌ലാമുമായോ മുഹമ്മദ് പ്രവാചകനുമായോ മാനുഷികമായ അടുപ്പവും ചായ്‌വും സ്നേഹവും ആദരവും ഉണ്ടാകുമായിരുന്നു എന്ന് എനിക്ക് തോന്നുന്നില്ല. എം.എൻ. കാരശ്ശേരി മലയാളത്തിലാ ക്കിയ ഹദീഥുകളാണ് ഞാൻ ആദ്യം വായിച്ചത്. പിന്നെ ഞാൻ മൂലഗ്രന്ഥങ്ങൾ പലതും വായിച്ചുതീർത്തു. അപ്പോ ഴാണ്, നമ്മെപ്പോലെ വെയിൽകൊണ്ടും തണുത്തും വിയർത്തും വിശന്നുവലഞ്ഞും സങ്കടപ്പെട്ടും ദേഷ്യപ്പെട്ടും സ്നേഹിച്ചും ജീവിച്ച ഒരു മനുഷ്യന്റെ അതേ സമയം നമ്മെപ്പോലെയല്ലാതെ പ്രപഞ്ചത്തിലേക്ക് ഹൃദയം പറത്തി വിട്ട ഒരു മനുഷ്യൻ, ഒരു ജീവിക്കുന്ന പ്രവാചകൻ; അങ്ങനെയൊരാളെ ഞാൻ തിരിച്ചറിഞ്ഞത്. മുണ്ടുടുക്കുന്ന തിന്റെ നീളംമുതൽ മൂത്രമൊഴിക്കുന്ന രീതിവരെയും പ്രാർത്ഥനയുടെ ആവശ്യംമുതൽ ഈശ്വരന്റെ സ്വഭാവംവരെയും ഒരു പ്രാകൃത ജനതയെ പറഞ്ഞുപഠിപ്പിച്ച് അവരെ സംസ്കാരപാതയിലേക്ക് നയിച്ച ഒരു അതി മാനുഷനെ ഞാൻ ഹദീഥുകളിൽ കണ്ടുപഠിച്ചു. പിന്നീട് ക്വുർആൻ വായിച്ചപ്പോൾ എനിക്കതിനോട് കൂടുതൽ അടുക്കാൻ കഴിഞ്ഞു.'' *(സകറിയ, മാതൃഭൂമി ആഴ്ചപതിപ്പ് 2000 ആഗസ്റ്റ് 27–സെപ്. 2).*

നോക്കുക! ഒരു അമുസ്‌ലിമായ സകറിയക്കുവരെ ഹദീഥുകളുടെ അനിവാര്യത ബോധ്യമായെങ്കിൽ, ഇസ്‌ലാ മിന്റെ അനുയായികൾ എന്നവകാശപ്പെടുന്ന ചിലർക്കത് ബോധ്യപ്പെടാത്തതിന്റെ രഹസ്യം, ഇസ്‌ലാമിനെ അകത്തു

നിന്ന് തകർത്തുതരിപ്പണമാക്കണമെന്ന വ്യാമോഹവുമായി ഊരുതെണ്ടുന്ന മോഡേണിസ്റ്റുകളുടെ കീറിപ്പറിഞ്ഞ കരിമ്പടങ്ങൾക്കുള്ളിൽ അവർ അഭയം തേടിയതുകൊണ്ടാണെന്ന് വ്യക്തമാണ്. ഹദീഥുകൾ പ്രവാചകൻ(സ)യെ പരിഹസിക്കുന്നു എന്ന് പറയുന്നവർക്കുള്ള മറുപടിയാണ്, ഹദീഥുകളിലൂടെയാണ് ഞാൻ യഥാർത്ഥ പ്രവാചകനെ അറിഞ്ഞത് എന്ന സകറിയയുടെ വാചകങ്ങൾ. അപ്പോൾ, ഹദീഥുകൾ നമുക്കാവശ്യമില്ല എന്ന് വാദിക്കുന്നവർ യഥാർത്ഥത്തിൽ, ഒരമുസ്ലിം ഇസ്ലാമിനെ ഗ്രഹിച്ച അത്രകൂടി ഇസ്ലാമിനെക്കുറിച്ച് മനസ്സിലാക്കിയിട്ടില്ല എന്ന് മനസ്സിലായല്ലോ. ഇനി, അത്തരം തൽപരജ്ഞാനികൾ ആരൊക്കെയായിരുന്നുവെന്നും എന്തായിരുന്നു അവരുടെ പ്രവർത്തനങ്ങൾ എന്നും പരിശോധിക്കാം.

## ബി. കുഞ്ഞഹമ്മദ് മൗലവി ഇമാദുദ്ദീൻ

കണ്ണൂർ ജില്ലയിലെ പഴയങ്ങാടി സ്വദേശിയായ ബി കുഞ്ഞഹമ്മദ് മൗലവിയാണ് ഹദീഥ് നിഷേധത്തിന്റെ കേരളത്തിലെ പ്രഥമ വിത്ത്. ഇത്തരേന്ത്യയിലും പാക്കിസ്ഥാനിലും പ്രവർത്തിച്ചിരുന്ന 'അഹ്ലുൽ ക്വുർആൻ' എന്ന പേരിലറിയപ്പെട്ടിരുന്ന ഹദീഥ് നിഷേധികളുമായി ബന്ധം സ്ഥാപിച്ച ഇദ്ദേഹം അതേ നാമത്തിൽ കേരളത്തിലും പ്രവർത്തനമാരംഭിച്ചു. ഹാജിയും അംഗുലീപരിമിതരായ ആളുകളും മാത്രമാണ് ആ സംഘടനയിൽ അംഗങ്ങളായിട്ടുണ്ടായിരുന്നത്. മതപരമായ വിജ്ഞാനമോ ആളുകളെ ആകർഷിക്കുന്ന പ്രസംഗ പാടവമോ കൈമുതലില്ലാതിരുന്ന ഇദ്ദേഹത്തിന്റെ പ്രവർത്തനം അതുകൊണ്ടുതന്നെ അധികമാരും അറിഞ്ഞില്ല. ഹദീഥുകൾ പ്രമാണമല്ലെന്നും നമസ്കാരം മൂന്ന് മാത്രമേയുള്ളൂവെന്നും കേരളത്തിൽ ആദ്യമായി വാദിച്ചത് അഹ്ലുൽ ക്വുർആനികൾ എന്ന പേരിലറിയപ്പെട്ടിരുന്ന ഇദ്ദേഹത്തിന്റെ എണ്ണം പറഞ്ഞ ചില അനുയായികളായിരുന്നു. ചേകന്നൂരിസം പ്രത്യക്ഷപ്പെടുന്നതിന്റെ മുമ്പായിരുന്നു ഇത് എന്ന കാര്യം ശ്രദ്ധിക്കുക.

സുന്നത്തുകളെ പരസ്യമായി നിഷേധിച്ച് ആദ്യമായി രംഗപ്രവേശം ചെയ്ത അഹ്ലുൽ ക്വുർആനികൾ പക്ഷെ, തങ്ങൾ സുന്നത്ത് നിഷേധികളാണെന്ന മറ്റുള്ളവരുടെ വിമർശനങ്ങളെ സഹിച്ചിരുന്നില്ല. സുന്നത്തിനെ സ്വീകരിക്കുന്നില്ല എങ്കിലും തങ്ങളെ സുന്നത്ത് നിഷേധികൾ എന്ന് പറയരുതെന്നാണ് ഈ കപടന്മാരുടെ വിചിത്രവാദം! ഹദീഥ് നിഷേധികൾ എന്നുപറഞ്ഞാൽ സമൂഹധാരയിൽ നിന്ന് ഒറ്റപ്പെടുമോ എന്ന ഉൾഭയമാണ് ഇത്തരമൊരു കപടമുഖം സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചത്. അവരെഴുതുന്നു: ''ഹദീഥിനെ ധിക്കരിക്കുന്നവരാണ് അഹ്ലുൽ ക്വുർആൻ എന്നാണ് പരക്കെ പ്രചരിപ്പിക്കുന്നത്. ഹദീഥ് ക്വുർആനിക ആശയങ്ങളോട് പൊരുത്തപ്പെടുന്നതാണെങ്കിൽ തീർച്ചയായും ആ ഹദീഥുകൾ അഹ്ലുൽ ക്വുർആൻ വിശ്വാസികൾ സ്വീകരിക്കുകതന്നെ ചെയ്യുമെന്ന് വിശദീകരിച്ച് അനശ്വര സത്യത്തിൽ എഴുതിയിട്ടുണ്ട്. അഹ്ലെ ഹദീഥ് എന്ന പേരിൽ പ്രവർത്തിക്കുന്നവർ ക്വുർആൻ വിരുദ്ധരാണെന്നോ, അഹ്ലുസ്സുന്നത്തിവൽ ജമാഅ എന്ന പേരിൽ അറിയപ്പെടുന്നവർ ക്വുർആനും ഹദീഥും സ്വീകരിക്കാത്തവരാണെന്നോ ആരും പറയുന്നുമില്ല. പിന്നെ എന്തിനാണ് അഹ്ലുൽ ക്വുർആൻ എന്ന പേരിൽ പ്രവർത്തിക്കുന്നവരെ ഹദീഥ് വിരുദ്ധർ എന്ന് പ്രചരിപ്പിക്കുന്നത് എന്ന് മനസ്സിലാകുന്നില്ല.'' *(അഹ്ലുൽ ക്വുർആൻ ഒരു ലഘുപരിചയം: ആത്തിക്ക ബിൻത് ഇമാദുദ്ദീൻ. പഴയങ്ങാടി. അഹ്ലുൽ ക്വുർആൻ യുവജന സംഘം പ്രസിദ്ധീകരണം. പഴയങ്ങാടി പേജ്. 32)*

ആത്തിക താത്താക്ക് മനസ്സിലായില്ലെങ്കിലും ഇത് കണ്ടുനിൽക്കുന്ന ബുദ്ധിയുള്ളവർക്ക് മനസ്സിലാവും. മുഴുഭ്രാന്ത് നിമിത്തം തുണിപോലുമൂരിഞ്ഞ് അങ്ങാടിയിലൂടെ നടക്കുന്ന ഒരുത്തനോട് നിനക്ക് ഭ്രാന്തുണ്ട് നീ ചികിത്സിക്കണമെന്നു പറഞ്ഞാൽ ആ ഭ്രാന്തന്റെ മറുപടി ''ഭ്രാന്തോ! എനിക്കോ, അതൊക്കെ നിങ്ങൾ വെറുതെ പറയുന്നതാണ്, എനിക്ക് ഭ്രാന്തുണ്ട് എന്ന് നിങ്ങൾ പറയുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാവുന്നില്ല'' എന്നായിരിക്കും. അതുപോലെയാണ് ഇവരുടെയും നിലപാട്. ക്വുർആനിക ആശയങ്ങളോട് പൊരുത്തപ്പെടുന്ന ഹദീഥുകൾ ഞങ്ങൾ സ്വീകരിക്കും എന്ന് അണമുട്ടുമ്പോൾ പറയുകയും ഭൂലോകത്തിലെ ഒരൊറ്റഹദീഥ്പോലും അബദ്ധത്തിലെങ്കിലും സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന ഇവരെ ഹദീഥ് വിരുദ്ധർ എന്നല്ലാതെ ഹദീഥ് സംരക്ഷകർ എന്നാണോ പിന്നെ പറയേണ്ടത്?

കണ്ണൂരിലെ പഴയങ്ങാടിയിൽ തുടങ്ങിയ ഈ ഫിത്ന കോഴിക്കോട് ഭാഗത്തും ചെറുതായൊന്ന് വ്യാപിച്ചിരുന്നു. എണ്ണത്തിൽ കുറവാണെങ്കിലും ചില പുസ്തകങ്ങളൊക്കെ ഇവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുഞ്ഞഹമ്മദ് മൗലവി തന്നെ ചില ഗ്രന്ഥങ്ങളൊക്കെ എഴുതിയിരുന്നുവെങ്കിലും അവയുടെ ഇന്നത്തെ അവസ്ഥ അജ്ഞാതമാണ്. ഈയിടെ അവർ പ്രസിദ്ധീകരിച്ച രണ്ട് പ്രസിദ്ധീകരണങ്ങളാണ് 'അനശ്വര സത്യം, അഹ്ലുൽ ക്വുർആൻ ഒരു ലഘുപരിചയം' എന്നീ പുസ്തകങ്ങൾ.

ചുരുക്കത്തിൽ കേരളമണ്ണിൽ ഹദീഥ് നിഷേധത്തിന് തുടക്കമിട്ട കുഞ്ഞഹമ്മദ് ഹാജിയുടെ അനുയായികളായ അഹ്ലുൽ ക്വുർആനികൾ ഇന്ന് നാമാവശേഷമായി എന്ന് വേണമെങ്കിൽ പറയാം. ചിലരെങ്കിലും ചേകന്നൂരിസത്തിലേക്ക് ചേക്കേറുകയും ചെയ്തു.

## സി.എൻ. അഹ്മദ് മൗലവി (1905-1993)

ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന ഗതിയിൽ നിന്ന് ഒരിക്കലും കരകയറാനാവാതിരുന്ന അഹ്ലുൽ ക്വുർആനികൾക്ക് കേരള മണ്ണിൽ കാര്യമായ ഒരു ചലനവും ഉണ്ടാക്കാനായില്ല എന്ന് നാം കണ്ടു. ആയിടക്കാണ് ഹദീഥ് നിഷേധത്തിന്റെ പുതിയ മുഖവുമായി സി.എൻ. അഹ്മദ് മൗലവി കടന്നുവരുന്നത്. ബുദ്ധിജീവികൾക്കിടയിൽ ഇസ്ലാമിനെ പരിചയപ്പെടുത്താനെന്ന് പറഞ്ഞ് അദ്ദേഹം തൂലിക എടുത്തപ്പോൾ ചിലരെങ്കിലും സന്തോഷിച്ചിരുന്നു. കാരണം സാധാരണക്കാരന് ഏറെ ഹൃദ്യമായ ശൈലിയിലായിരുന്നു അദ്ദേഹത്തിന്റെ എഴുത്ത്. എന്നാൽ അദ്ദേഹത്തിന്റെ തൂലിക വിഷം ചീറ്റി മുന്നോട്ട് ഗമിച്ചപ്പോൾ, നിരവധി ഹദീഥുകളെ അദ്ദേഹത്തിന് പരസ്യമായി നിഷേധിക്കേണ്ടി വന്നു. അഹ്ലുൽ ക്വുർആനികളെപ്പോലെ ഹദീഥുകളുടെ അധികാരികതയെ മൊത്തത്തിൽ അദ്ദേഹം ചോദ്യം ചെയ്തില്ല എങ്കിലും, തന്റെ ബുദ്ധിക്ക് വഴങ്ങാതിരുന്ന നിരവധി സ്വഹീഹായ ഹദീഥുകളെ, അത് ബുഖാരിയിലുള്ളതാണെങ്കിലും ശരി, വാറോലകൾ, മനുഷ്യനിർമിതം എന്നെല്ലാം പറഞ്ഞ് അദ്ദേഹം തള്ളിക്കളഞ്ഞു. മാത്രവുമല്ല, ഇസ്ലാമിക ശരീഅത്തിനെ തന്നെ ചോദ്യം ചെയ്യുന്ന ഒരവസ്ഥ ഇന്ത്യാരാജ്യത്ത് സംജാതമായപ്പോൾ ഇസ്ലാം വിരുദ്ധരുടെ ചേരിയിൽ നിലയുറപ്പിച്ച് തന്റെ തനിനിറം ജനങ്ങൾക്കദ്ദേഹം കാണിച്ചുകൊടുത്തു. 1985ൽ ഷാബാനുകേസിൽ സുപ്രീംകോടതി വിവാഹമുക്തക്ക് ജീവനാംശം നൽകികൊണ്ട് വിധി പുറപ്പെടുവിച്ചപ്പോൾ കേരളത്തിൽ ആ വിധിയെ അനുകൂലിച്ചത് സിഎന്നും ചേകന്നൂരും മാത്രമായിരുന്നു.

തന്റെ, ക്വുർആനിന്റെയും ഹദീഥിന്റെയും വിഷയത്തിലുള്ള നൂതനവാദങ്ങൾ ജനപക്ഷം വ്യാപിപ്പിക്കുന്നതിനായി 1949 ഡിസംബർ മാസത്തിൽ അൻസാരി മാസിക എന്ന പ്രസിദ്ധീകരണം ആരംഭിച്ചു. എന്നാൽ പതിനാലാം ലക്കത്തോടെ അത് നിന്നുപോയി. ക്വുർആൻ വ്യാഖ്യാനരംഗത്ത് മുൻഗാമികളുടെ സരണിയിൽ നിന്ന് തികച്ചും വ്യതിചലിച്ച് 1961ൽ ഒരു സമ്പൂർണ്ണ ക്വുർആൻ പരിഭാഷ പുറത്തിറക്കി ക്വുർആൻ വ്യാഖ്യാന രംഗത്ത് കേരളത്തിൽ വ്യതിയാനത്തിന്റെ ആദ്യാക്ഷരം കുറിച്ചു. മുഅ്ജിസത്തുകളെ ബുദ്ധികൊണ്ട് വ്യാഖ്യാനിക്കുന്ന സർസയ്യിദിന്റെ വ്യാധി സി.എന്നിനേയും പിടികൂടിയിരുന്നു. സി.എൻ. ക്വുർആൻ വ്യാഖ്യാനങ്ങളിൽ നടത്തിയ തട്ടിപ്പുകൾ ഇവിടെ വിശകലനം ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. അദ്ദേഹത്തിന്റെ വികല വ്യാഖ്യാനങ്ങൾക്കെല്ലാം തന്നെ മുഹമ്മദ് അമാനി മൗലവി(റ) തന്റെ ക്വുർആനിക വ്യാഖ്യാനത്തിൽ മറുപടി പറഞ്ഞിട്ടുണ്ട്.

1970 ഫെബ്രുവരിയിൽ പുറത്തിറങ്ങിയ സി.എന്നിന്റെ മറ്റൊരു ഗ്രന്ഥമാണ് ബുഖാരിയുടെ പരിഭാഷ. 2182 ഹദീഥുകളാണ് സി.എന്നിന്റെ പരിഭാഷയിൽ ആകെയുള്ളത്. ആവർത്തനങ്ങളും സ്വഹാബികളുടെ വാക്കുകളും അതിന്റെ തഅ്ലീകാത്തുകളും സനദിൽ സ്വഹാബിക്ക് പുറമെയുള്ളവരെയുമൊക്കെ ഒഴിവാക്കിയാണ് താൻ പരിഭാഷ തയ്യാറാക്കിയത് എന്നദ്ദേഹം പറയുന്നുണ്ട്. *(ആറാം പതിപ്പ് പേജ്. 1040)* അതേ മുഖവുരയിൽ സ്വഹീഹുൽ ബുഖാരിയെ കുറിച്ചദ്ദേഹം പറയുന്നത് നോക്കൂ. ''അതുകൊണ്ട് ബുഖാരി ശ്രദ്ധയോടുകൂടി വായിക്കുകയും അതിലെ ഉത്തമ ജീവിത മാതൃക സ്വ ജീവിതത്തിലേക്ക് പകർത്തെടുക്കുകയും ചെയ്യാൻ മുസ്ലിംകളോട് വിശിഷ്യ യുവതലമുറയോട് ഞാനഭ്യർത്ഥിച്ചുകൊള്ളുന്നു. അവരുടെ ഉന്നതിക്കും അന്തസ്സിനും സർവ്വോപരി അവരുടെ മനസ്സമാധാനത്തിനും അത് സഹായിക്കുമെന്ന് ഞാനുറപ്പിച്ചു പറഞ്ഞുകൊള്ളട്ടെ''. *(പേജ്. 1039)* ഏകദേശം നൂറ്റി അൻപതോളം പേജ് വരുന്നതാണ് അദ്ദേഹത്തിന്റെ മുഖവുര. ഹദീഥിനെക്കുറിച്ചും ഹദീഥിന്റെ പ്രാമാണികതയെക്കുറിച്ചും വിശദമായി സംസാരിച്ച അദ്ദേഹം പക്ഷെ, ബുഖാരിയിലെ നിരവധി ഹദീഥുകളെ മനുഷ്യനിർമിത കള്ളറിപ്പോർട്ടുകളെന്ന് മുദ്രകുത്താനും മറന്നിട്ടില്ല! തന്റെ പരിമിതമായ ബുദ്ധിക്ക് വഴങ്ങാതിരുന്ന, അഹ്ലുസ്സുന്ന നിരുപാധികം സ്വീകരിച്ചുവന്ന നിരവധി ഹദീഥുകൾക്കെതിരെ അദ്ദേഹം കടന്നുകയറ്റം നടത്തി. കാരണം ക്വുർആനും ഹദീഥും യുക്തികൊണ്ടായിരിക്കണം ഗ്രഹിക്കേണ്ടത് എന്നതാണ് അദ്ദേഹത്തിന്റെ അടിസ്ഥാന നിലപാട്. അദ്ദേഹം പറയുന്നു: ''ക്വുർആനും ഹദീഥും ഗ്രഹിക്കേണ്ടതെങ്ങിനെ? ഇസ്ലാം മതത്തിൽ യുക്തിക്ക് സ്ഥാനമില്ലെന്നും അല്ലാഹു കൽപിക്കുന്നതെല്ലാം അതേപടി സ്വീകരിക്കുക മാത്രമാണ് നാം ചെയ്യേണ്ടതെന്നും മുസ്ലിംകൾ പൊതുവിൽ വിശ്വസിക്കുന്നു. ക്വുർആൻ വായിച്ചുനോക്കിയാൽ പ്രഥമദൃഷ്ടിയിൽ തന്നെ ഈ ധാരണ തെറ്റെന്ന് ബോധ്യമാകും. ബുദ്ധി ഉപയോഗിക്കാത്തവരെ ക്വുർആൻ അതികഠിനമായി ആക്ഷേപിക്കുന്നുണ്ട്............. ഈ സ്ഥിതിക്ക് ഇസ്ലാമിൽ യുക്തിക്ക് സ്ഥാനമില്ലെന്ന് പറയുവാൻ യാതൊരു ന്യായവുമില്ല'' *(മുഖവുര പേജ്. 172)*

അപ്പോൾ ക്വുർആനിലും ഹദീഥിലുമൊന്നും അല്ലാഹുവും റസൂലും പറഞ്ഞത് അപ്പടി സ്വീകരിക്കുകയല്ല വേണ്ടത്, മറിച്ച് അവരണ്ടും തന്റെ യുക്തിയുമായി തട്ടിച്ചുനോക്കണമെന്ന് സാരം. അങ്ങനെ തന്റെ യുക്തിക്ക് നിരക്കാത്തതിനേയെല്ലാം വ്യാജമെന്ന് മുദ്രകുത്താൻ അദ്ദേഹം മെനക്കെട്ടു. മാത്രവുമല്ല, ബുഖാരിയടക്കമുള്ള ഹദീഥ് ഗ്രന്ഥങ്ങളിൽ നിരവധി ജൂതായിസം കടന്നുകൂടിയിട്ടുണ്ടെന്നും കഅബുൽ അഹ്ബാർ, വഹബ്ബ്നു മുനബ്ബഹ്, അബ്ദുല്ലാഹിബ്നു സലാം, ഇബ്നു ജുറൈജ് തുടങ്ങിയ സ്വഹാബികളും താബിഉകളുമായ ആളുകൾ മുഖേന ഹദീഥുകളിൽ നിരവധി ജൂത–വിശ്വാസങ്ങൾ കയറികൂടിയിട്ടുണ്ടെന്നും അദ്ദേഹം വാദിച്ചു. അതിന് തെളിവെന്നോണം 'വേദക്കാരുടെ സിദ്ധാന്തങ്ങൾ ഇസ്ലാമിൽ' എന്ന തലവാചകത്തിന് ചുവട്ടിലദ്ദേഹം എഴുതുന്നു. ''മിഅ്റാജ് രാത്രിയിൽ മുഹമ്മദ് നബിക്ക് 50 നേരത്തെ നമസ്കാരം അനുഷ്ഠിക്കാൻ അല്ലാഹു കൽപന കൊടുത്തു. അദ്ദേഹം ബഹുമാനപൂർവ്വം അതേറ്റെടുത്ത് മടങ്ങിപ്പോരുന്നു. സംഗതി മനസ്സിലായപ്പോൾ ഇത് സാധ്യമല്ല, അല്ലാഹുവിങ്കൽ തിരിച്ചുചെന്ന് ചുരുക്കിത്തരാൻ പറയണമെന്ന് മൂസാ നബി ഉപദേശിക്കുന്നു, മുഹമ്മദ് നബി തിരിച്ചുചെല്ലുന്നു. അൻപതിൽ അഞ്ചെണ്ണം അല്ലാഹു കുറച്ചുകൊടുക്കുന്നു. പിന്നെയും മൂസ തിരിച്ചയക്കുന്നു. മുഹമ്മദ് നബി പോകുന്നു. അങ്ങനെ അല്ലാഹുവിനും മൂസാനബിക്കും ഇടയിൽ മുഹമ്മദ് നബി(സ) ഒൻപത് പ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു. ഇപ്പോഴെന്താണ് വന്നത്? സർവ്വജ്ഞനും തന്ത്രജ്ഞനുമായ അല്ലാഹുവിനോ മാനുഷിക വളർച്ചയുടെ പരമോന്നത പദവി പ്രാപിച്ചുവെന്ന് ക്വുർആൻ *(53/7)* സാക്ഷ്യപ്പെടുത്തിയ മുഹമ്മദ് നബിക്കോ പ്രായോഗിക പരിപാടിയും പദ്ധതിയും അറിയില്ല. അതറിയുന്നത് ആർക്കാണ്? മൂസാനബിക്ക് മാത്രം. അപ്പോൾ കഥ എവിടെനിന്നും വന്നുവെന്ന് മനസ്സിലാക്കാമല്ലോ.'' *(പേജ്. 157 ആറാം പതിപ്പ്)*

അപ്പോൾ മിഅ്റാജ് സംഭവം, അങ്ങനെയൊന്നില്ലെന്നും അത് ജൂതസൃഷ്ടിയാണെന്നുമാണ് അദ്ദേഹത്തിന്റെ വാദം. ഈസാ നബിയുടെ പുനരാഗമനത്തെക്കുറിച്ച് അദ്ദേഹം എഴുതുന്നു. ''ഈസാ നബി അവസാനകാലത്ത് ആകാശത്തുനിന്നും ഇറങ്ങിവരും. എന്നിട്ട് ക്രിസ്ത്യാനികൾ സൃഷ്ടിച്ചുവെച്ച് പൂജിക്കുന്ന കുരിശും മറ്റും തല്ലിയുടക്കും. അങ്ങിനെ ഭൂമുഖം ശുദ്ധമാക്കിയിട്ടാണദ്ദേഹം മരണപ്പെടുക എന്നും മറ്റും നമ്മുടെ മതഗ്രന്ഥങ്ങളിൽ, വിശ്വാസ സിദ്ധാന്തങ്ങളുടെ കൂട്ടത്തിൽ കടന്നുകൂടിയിട്ടുണ്ടല്ലോ. അതെവിടെ നിന്നും വന്നു? ക്വുർആനിലുണ്ടോ? ഇല്ല. ഉള്ളത് നേരെ മറിച്ചാണ്............ അപ്പോൾ ഈസാനബിയുടെ ഉയിർത്തെഴുന്നേൽപും തിരിച്ചുവരവുമെല്ലാം ക്രിസ്ത്യാനികളിൽ നിന്നും മുസ്ലിംകളിലേക്ക് കടത്തിക്കൂട്ടിയതാണ്. അംഗീകാരം കിട്ടാൻ വേണ്ടി ഹദീഥായി അവതരിപ്പിച്ചു. അത്രമാത്രം.'' *(ബുഖാരി പരിഭാഷ സി.എൻ. പേജ്. 158)*

ദജ്ജാലിനെക്കുറിച്ചുള്ള ഹദീഥുകൾ ഉദ്ധരിച്ച് അതിന്റെ അടിക്കുറിപ്പിൽ അദ്ദേഹം പറയുന്നു. ''ദജ്ജാലിനെപറ്റിയുള്ള ഹദീഥുകൾ ആകെ പരിശോധിച്ചാൽ അതൊരു സങ്കൽപ കഥ മാത്രമാണെന്ന് വ്യക്തമാകും.'' *(അടിക്കുറിപ്പുകൾ 322 പേജ് 1036)* ക്വബ്റിൽ ശിക്ഷയുണ്ടെന്ന കാര്യം ക്വുർആനും നിരവധി ഹദീഥുകളും വ്യക്തമാക്കിയതാണ്. എന്നാൽ ക്വബ്ർ ശിക്ഷയെക്കുറിച്ച് സി.എൻ. എഴുതുന്നു. ''ക്വബ്റിലെ ശിക്ഷ ക്വുർആനിന്റെ പ്രഖ്യാപിത സിദ്ധാന്തങ്ങൾക്ക് വിരുദ്ധമാണ്'' *(പേജ്. 1017)*

വ്യഭിചാരം നടത്തിയവർ വിവാഹിതരാണെങ്കിൽ അവരെ എറിഞ്ഞുകൊല്ലണമെന്നതാണ് ഇസ്ലാമിന്റെ വിധി. എന്നാൽ അതിനെക്കുറിച്ചദ്ദേഹം പറയുന്നു. ''വ്യഭിചാരത്തിന് എറിഞ്ഞ് കൊല്ലൽ ശിക്ഷ ഇസ്ലാമികമല്ല'' *(പേജ്. 1030)*

ഖിയാമത്ത് നാളിന്റെ അടയാളങ്ങൾ എണ്ണിപ്പറയുന്ന ഒട്ടനവധി ഹദീഥുകൾ പ്രവാചകൻ(സ) നമുക്ക് അറിയിച്ചുതന്നിട്ടുണ്ട്. അതിനെ നിഷേധിച്ചുകൊണ്ട് അദ്ദേഹം പറയുന്നു. ''ഖിയാമത്ത് നാളിന്റെ അടയാളങ്ങൾ ചൂണ്ടിക്കാണിക്കുന്ന എത്രയെത്ര ഹദീഥുകളാണുള്ളത്. അവയുടെ സ്ഥിതിയെന്തെന്ന് ഇപ്പോൾ മനസ്സിലാക്കാമല്ലോ. അത് അവിചാരിതമായാണ് സംഭവിക്കുക. അതിന്റെ സമയത്തെക്കുറിച്ച് അല്ലാഹുവിനല്ലാതെ മറ്റാർക്കും യാതൊരു അറിവുമില്ലെന്ന് പ്രഖ്യാപിക്കുവാൻ അല്ലാഹു നബിയോട് കൽപിക്കുക. എന്നിട്ട് ആ നബിയോ ഖിയാമത്ത് നാൾ ഇന്ന ഘട്ടത്തിലാണ് വരിക, അത് സമീപിക്കുന്നതിന്റെ ലക്ഷണങ്ങൾ ഇന്നിന്നിവയാണ്, അതിന്റെ ഇത്രയിത്ര കൊല്ലം മുമ്പ് ഇന്നിന്നതെല്ലാം സംഭവിക്കും എന്നെല്ലാം ലോകത്തിന് മുന്നറിയിപ്പ് നൽകുക. ഇത് സംഭവ്യമാണോ? ക്വുർആന്റെ സിദ്ധാന്തങ്ങൾക്ക് നിരക്കുന്നതാണോ? ഒരിക്കലുമല്ല.......ഖിയാമത്ത് നാൾ അടുത്തതിന്റെ ലക്ഷണങ്ങളും മുന്നോടിയായിക്കൊണ്ട് വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് മുസ്ലിംകളിൽ എന്തെല്ലാം വാർത്തകൾക്ക് പ്രസിദ്ധി ലഭിച്ചിട്ടുണ്ടോ അവയിൽ വലിയൊരു വിഭാഗവും അടിസ്ഥാനരഹിതമാണ്'' *(പേജ്. 164)*

അതുകൊണ്ടുതന്നെ ഖിയാമത്ത് നാളിന്റെ അടയാളങ്ങൾ വിവരിക്കുന്ന ഹദീസുകളിൽ 'അശ്റാത്തുസ്സാഅ്' എന്നതിന് അന്ത്യപ്രളയത്തിന്റെ അടയാളങ്ങൾ എന്നാണദ്ദേഹം അർത്ഥം നൽകിയിരിക്കുന്നത്. ഉദാഹരണമായി 69–ാം നമ്പർ ഹദീഥിന് അദ്ദേഹം നൽകിയ അർത്ഥം കാണുക. ''അനസ് (റ) പറയുന്നു. തിരുമേനി അരുളി: വിദ്യ മനുഷ്യരിൽ നിന്ന് അകന്നുപോകുക, അജ്ഞാനം കാലുറപ്പിച്ച് നിൽക്കുക, മദ്യപാനം പ്രചരിക്കുക, പരസ്യമായി വ്യഭിചാരം നടക്കുക എന്നീകാര്യങ്ങൾ മഹാപ്രളയം സമീപിച്ചതിന്റെ ലക്ഷണങ്ങളാണ്.'' *(പേജ്. 210–70,1361,1462 എന്നീ ഹദീഥുകൾ കാണുക)*

പ്രവാചകൻ(സ) വഹ്‌യിന്റെ അടിസ്ഥാനത്തിൽ ചില സ്വഹാബികളുടെ പേരെടുത്ത് പറഞ്ഞ് അവർ സ്വർഗ്ഗത്തിലാണെന്ന് സന്തോഷവാർത്ത നൽകിയിട്ടുണ്ട്. അതിനെക്കുറിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം കാണുക. ''പലർക്കും തിരുമേനി സ്വർഗ്ഗം വാഗ്ദാനം ചെയ്തതായി കാണാം. അതേ അവസരത്തിൽ എന്നെയും നിങ്ങളേയും അല്ലാഹു എന്താണ് ചെയ്യുക എന്നെനിക്കറിഞ്ഞുകൂടാ എന്ന് പ്രഖ്യാപിക്കുവാൻ 46/9 ൽ ക്വുർആൻ നബിയോട് കൽപിക്കുകയും ചെയ്യുന്നു. സ്വന്തം ഭാവി എന്തായിരിക്കുമെന്ന് ഉറപ്പിക്കാൻ കഴിയാത്ത നബി മറ്റുള്ളവർക്ക് സ്വർഗ്ഗം വാഗ്ദാനം ചെയ്യുവാൻ എങ്ങനെ മുതിരും'' *(പേജ്. 164, 165)*

ഒരു ഹദീഥ് തനിക്ക് വഴങ്ങുന്നില്ല. എങ്കിൽ അപ്രകാരം പ്രവാചകൻ പറയാൻ സാധ്യതയില്ലെന്ന് പറഞ്ഞ് ആ ഹദീഥിനെ തള്ളുക. ഇതാണദ്ദേഹത്തിന്റെ ശൈലി. അത് തന്റെ ബുദ്ധിയുടേയും ചിന്തയുടേയും പരിമിതിയാണെന്നൊന്നും ആലോചിക്കാതെ തന്റെ ബുദ്ധിക്ക് വഴങ്ങുന്നില്ലേ, എന്നാലത് നബി(സ) പറയാൻ സാധ്യതയില്ല എന്ന അനുമാനത്തിലെത്തുക. കേട്ടാൽതോന്നും ഇവർക്കനുസരിച്ച് സംസാരിക്കാൻ നബി(സ) കൽപിക്കപ്പെട്ടിരുന്നുവെന്ന്. ബുഖാരിയിലെ ''ഒരാൾ മറ്റൊരാളെ ഏതെങ്കിലും പ്രകാരത്തിൽ ദ്രോഹിച്ചെങ്കിൽ ദ്രോഹിച്ചവന്റെ സൽകർമ്മത്തിൽ നിന്ന് ഒരു ഭാഗം ദ്രോഹിക്കപ്പെട്ടവന് കൊടുക്കും. ദ്രോഹിച്ചവന് നന്മകളൊന്നുമില്ലെങ്കിൽ അവന്റെ പാപം ഇവന്റെ മേൽ ചുമത്തും.'' എന്ന ഹദീഥ് *(സി.എൻ. പരിഭാഷ ഹദീഥ് നമ്പർ 1081)* അതിനെക്കുറിച്ച് അദ്ദേഹം പറയുന്നു: ''ഒരു മനുഷ്യന്റെ പാപവും പുണ്യവും മറ്റൊരു മനുഷ്യന്റെ പേരിലേക്ക് മാറ്റുകയില്ല. ക്വുർആന്റെ പ്രഖ്യാപിത സിദ്ധാന്തമാണിത്. ആ പ്രഖ്യാപനങ്ങൾക്ക് വിരുദ്ധമായി തിരുമേനി ഒരിക്കലും അരുളുകയില്ല. തന്നിമിത്തം ഈ റിപ്പോർട്ട് ശരിയല്ല'' *(പേജ്. 164 നമ്പർ 1025)*

സി.എന്നിന്റെ ഹദീസ് നിഷേധത്തിന്റെ ഏതാനും സാമ്പിളുകൾ മാത്രമാണ് മുകളിൽ കണ്ടത്. ചുരുക്കത്തിൽ ഹദീഥ് പ്രമാണമാണ് എന്ന് പറഞ്ഞ് അഹ്‌ലുസ്സുന്നയുടെ മുഖംമൂടിയണിഞ്ഞ് ഹദീഥുകൾക്കെതിരെ ഒളിയുദ്ധം നടത്തുകയെന്നതായിരുന്നു സി.എന്നിന്റെ ശൈലി. ആ അപകടം സമൂഹം പെട്ടെന്നുതന്നെ തിരിച്ചറിഞ്ഞു. അതിനെതിരെ പ്രതിരോധം തീർക്കുകയെന്നത് സന്തോഷദായകമാണ്. അങ്ങിനെ ഹദീഥ് പ്രമാണമാണെന്ന് പറയുന്ന സി.എന്നിനെ ഹദീഥ് നിഷേധിയായിത്തന്നെ സമൂഹം വിലയിരുത്തി. ഇന്ന് ചിലർ പ്രചരിപ്പിക്കുന്നതുപോലെ ഹദീഥ് പ്രമാണമല്ലെന്ന് പറയുന്നവർ മാത്രമല്ല ഹദീഥ് നിഷേധികൾ. മറിച്ച്, സ്വഹീഹായ സനദോട് കൂടി വന്ന ഹദീഥുകളെ തങ്ങളുടെ ബുദ്ധിക്കെതിരായതിന്റെ പേരിൽ തള്ളുന്നവരെല്ലാം തന്നെ ഹദീഥ് നിഷേധികളുടെ പട്ടികയിൽ വരുന്നതാണ്. ഷോട്ടാ ഹദീഥ് നിഷേധികളായ ജമാഅത്തുകാർവരെ ഇക്കാര്യം സമ്മതിക്കുന്നതാണ്. അതുകൊണ്ടാണ് പ്രബോധനം ഹദീഥ് പതിപ്പിൽ 'ഹദീഥ് നിഷേധം കേരളത്തിൽ' എന്ന ഒ. അബ്ദുറഹിമാൻ തന്റെ ലേഖനത്തിൽ കേരളത്തിലെ ഹദീഥ് നിഷേധിയായി ആദ്യം സി.എന്നിനെ എണ്ണിയത്.